**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1707 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ പെൻഷൻ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. റ്റി. വി. രാജേഷ്** | **ആരോഗ്യവും വനിത ശിശു വികസനവും വകുപ്പ് മന്ത്രി** |
| (എ) അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് എന്ന് മുതലാണ് പെൻഷൻ പദ്ധതി ആവിഷ്കരിച്ചത്; | (എ) അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 01/09/2010 മുതലാണ് പെൻഷൻ പദ്ധതി ആവിഷ്കരിച്ചത്. |
| (ബി) പദ്ധതി ആരംഭിക്കുന്ന സമയത്ത് അനുവദിച്ച പ്രതിമാസ പെൻഷൻ തുക എത്ര; ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക എത്ര; വ്യക്തമാക്കാമോ; | (ബി) അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള പെൻഷൻ പദ്ധതി ആരംഭിക്കുന്ന സമയത്ത് വർക്കർക്ക് 500/- രൂപയും ഹെൽപ്പർക്ക് 300/- രൂപയും പ്രതിമാസ പെൻഷൻ അനുവദിച്ച് നല്കിയിട്ടുള്ളത്. നിലവിൽ വർക്കർക്ക് 2500/- രൂപയും ഹെൽപ്പർക്ക് 1500/- രൂപയും പ്രതിമാസ പെൻഷൻ അനുവദിച്ച് വരുന്നു. |
| (സി) പ്രസ്തുത പെൻഷൻ തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ